(ബി) ഇതുകൊണ്ട് എത്ര ഏക്കർ സ്ഥലം സഹകരണസംഘങ്ങൾ മുഖേന കൃഷിചെയ്യുവാനുദ്ദേശിക്കുന്നു എന്നു് പറയുമോ?

ശ്രീ. എൻ. കണ്ണൂരാമൻ: (എ) ഫർ എണ്ണം.

(ബി) നൂറ്റമ്പതു് ഏക്കർ.

സഹകരണസംഘങ്ങൾ

*1വ്വ. (നം. 0) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സഹകരണഡിപ്പാർട്ടുമെണ്ടുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇതുവരെ എത്ര സഹകരണസംഘങ്ങൾ തിരുവിതാംകൂറിലും കൊച്ചിയിലുമായി പ്രവർത്തനം നടത്തിവരുന്നു എന്നും, അതിൽ വ്യാവസായികസംഘങ്ങൾ എത്രയെന്നും പറയുമോ;

(ബി) വ്യാവസായികസഹകരണസംഘങ്ങൾകൊണ്ടു് വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാനുള്ള സാദ്ധ്യതകളുണ്ടോ എന്നു് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കണ്ണൂരാമൻ: (എ) ഇതുവരെ സംഘങ്ങൾ 1,നൂറ്റി. അതിൽ വ്യാവസായികസംഘങ്ങൾ മൂന്നു.

(ബി) ഉണ്ടു്.

കൊച്ചിയിൽ കപ്പൽനിർമ്മാണകേന്ദ്രം

*1വ്വ. (നം. മ) സാഹിബു് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൊച്ചിയിൽ ഒരു കപ്പൽനിർമ്മാണകേന്ദ്രം സ്ഥാപിക്കുന്നതിനെപ്പറ്റി ഇതു ഗവർമ്മെണ്ടും ഇൻഡ്യാഗവർമ്മെണ്ടുമായി വല്ല ആലോചനകളും നടക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ ആലോചനയുടെ ഫലം എങ്ങിനെ ഇരിക്കുന്നു എന്നും ദയവായി പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആലോചന നടക്കുന്നുണ്ടു്. കൊച്ചിയുടെ കാര്യം, കപ്പൽനിർമ്മാണകേന്ദ്രങ്ങളെപ്പറ്റി അവസാനതീരുമാനം എടുക്കുമ്പോൾ പരിഗണിക്കുന്നതാണെന്നു് ഇൻഡ്യാഗവർമ്മെണ്ടിൽനിന്നും മറുപടി കിട്ടിയിട്ടുണ്ടു്.

നാവികപരിശീലനം

*1വ്വൻ. (നം. ഛ) സാഹിബു് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ സ്ഥാപിതമാകുന്ന നാവികപരിശീലനസ്ഥാപനങ്ങളിൽ തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിലെ വിദ്യാർത്ഥികൾക്കു് കൂടുതൽ പ്രവേശനം ലഭിക്കുന്നതിനു് ഗവർമ്മെണ്ടു് എന്തെങ്കിലും ഉത്സാഹം ചെയ്യുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതു എങ്ങിനെയെന്നും പറയാമോ;

(ബി) ഇവിടത്തെ തൊഴിലാളികൾക്കു് കൂടുതൽ പ്രവേശനം കിട്ടുന്നതിനു വല്ല നടപടികളും കൈക്കൊള്ളുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ അതു എന്താണെന്നും ദയവായി പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) ഇല്ല.

(ബി) ഇല്ല.

തിരുവിതാംകൂർ ഗവർമ്മെണ്ടുവക വിമാനം

*1ൻ്റ0. (നം. ന്ന) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വർക്ക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ ഗവർമ്മെണ്ടു വക ഒരു വിമാനം കറാച്ചിയിൽ പാകിസ്ഥാൻ ഗവർമ്മെണ്ടിൻ്റെ കൈവശം ഇരുന്നതു് ഇതു ഗവർമ്മെണ്ടിനു തിരിയെ കിട്ടിയോ?

LIBRARY ARCHIVES Kerala Legislative Assembly